**പതിമൂന്നാം കേരള നിയമ സഭ**

**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 78 10.12.2012 ൽ മറുപടിയ്ക്ക്**

**കൊച്ചി മെട്രോ പദ്ധതി**

**ചോദ്യം**

ശ്രീ.കെ.അജിത്:

**ഉത്തരം**

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | നിർദ്ദിഷ്ട കൊച്ചി മെട്രോ പദ്ധതിയുമായി ബന്ധപ്പെട്ട് ഡി.എം.ആർ.സി മുൻ എം.ഡി.ശ്രീ.ഇ.ശ്രീധരന്റെ യോഗ്യതയെ സംബന്ധിച്ച് കേന്ദ്ര നഗര വികസന സെക്രട്ടറിക്ക് കൊച്ചി മെട്രോ മുൻ എം.ഡി. ശ്രീ.ടോം ജോസ് കത്തെഴുതിയിരുന്നോയെന്നും ഇതിന്റെ കോപ്പി ചീഫ് സെക്രട്ടറിക്ക് നൽകിയിരുന്നോയെന്നും കത്തെഴുതിയത് സർക്കാരിന്റെ അനുമതിയോടെ ആണോയെന്നും വ്യക്തമാക്കുമോ; | (എ) | ഡി.എം.ആർ.സി മുൻ എം.ഡി.ശ്രീ.ഇ.ശ്രീധരന് കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിലുള്ള പങ്ക് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ട് അന്നത്തെ പൊതുമരാമത്ത് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.ടോം ജോസ് 25.9.2012 ൽ കേന്ദ്ര നഗര വികസന സെക്രട്ടറിയ്ക്ക് അർദ്ധ ഔദ്യോഗിക കത്ത് അയച്ചിരുന്നു. കത്ത് അയച്ചത് ഏത് സാഹചര്യത്തിലാണ് എന്നതിനെക്കുറിച്ച് ശ്രീ.ടോം ജോസിന്റെ വിശദീകരണം തേടുകയുണ്ടായി. ശ്രീ.ടോംജോസ് 27.11.2012 ൽ സമർപ്പിച്ച വിശദീകരണം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | കൊച്ചി മെട്രോ പദ്ധതിയുടെ നടത്തിപ്പിനായി മുൻ എം.ഡി. ശ്രീ.ടോംജോസ് ഏതെങ്കിലും വിദേശ കമ്പനികളുമായി ചർച്ച നടത്തിയിരുന്നോയെന്നും ചർച്ച നടത്തിയെങ്കിൽ ആയത് സർക്കാരിന്റെ അറിവോടെയാണോയെന്നും ഇതിനായി അനുമതി നൽകിയിരുന്നോയെന്നും വ്യക്തമാക്കുമോ; | (ബി) | ഏതൊരു മെട്രോ പദ്ധതി നിർമ്മാണത്തിനും ആവശ്യമായ സാധന സാമഗ്രികളുടെയും സാങ്കേതിക വിദ്യയുടെയും സേവനങ്ങളുടെയും ഗണ്യമായ ഒരു പങ്ക് വിദേശ രാജ്യങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ സാക്ഷാൽക്കാരത്തിനായി വിദേശ കമ്പനികളുമായി ചർച്ച നടത്തേണ്ടത് അനിവാര്യമാണ്. ആയതിനാൽ ഓരോ വിദേശ കമ്പനിയുമായും ചർച്ച |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമായി വരുന്നില്ല. |
| (സി) | കൊച്ചി മെട്രോ റെയിലിന്റെ മുഖ്യ നടത്തിപ്പ് ഡി.എം,ആർ.സി.യിൽ നിന്നും മാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (സി) യും (ഡി) യും (ഇ) യും | കൊച്ചി മെട്രോ പദ്ധതി ഡി.എം.ആർ.സി.യുടെ പങ്കാളിത്തത്തോടെ പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ ഉദ്ദേശത്തോടുകൂടി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2012 നവംബർ 23 ന് ഡൽഹിയിൽ വച്ച് കേന്ദ്ര നഗര വികസന മന്ത്രിയുമായി യോഗം ചേർന്നിരുന്നു. ഡൽഹി മെട്രോയുടെ പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ കൊച്ചി മെട്രോയുടെ നിർമ്മാണവുമായി ഡി.എം.ആർ.സി സഹകരിക്കാമെന്ന് അന്നത്തെ യോഗത്തിൽ തീരുമാനമായിരുന്നു. കൊച്ചി മെട്രോ പദ്ധതിയിൽ ഡി.എം.ആർ.സി.യുടെ പങ്ക് നിർണ്ണയിക്കുന്നതിനായി ഒരു ടേംസ് ഓഫ് എൻഗേജ്മെന്റ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. |
| (ഡി) | കൊച്ചി മെട്രോ റെയിലിന്റെ നടത്തിപ്പിനായി ടെണ്ടർ വിളിക്കാനുള്ള ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | ഡി.എം.ആർ.സി. ഡൽഹിക്ക് പുറത്ത് മറ്റ് മെട്രോ റെയിൽ പദ്ധതികൾ നടപ്പാക്കുന്ന രീതിയിലുള്ള പങ്കാളിത്തം കൊച്ചി മെട്രോ റെയിൽ പദ്ധതിയിലും ഉണ്ടാകുമോയെന്ന കാര്യവും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ